പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1332          30.09.2011- ലെ മറുപടിക്ക്

## പ്രവാസി സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശ പ്രവാസി സംഗമം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നാണ്; | (എ) വിദേശത്തുള്ള പ്രവാസി കേരളീയർക്കായി ഒരു പ്രവാസി സംഗമം 2011 ഡിസംബർ 29, 30 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ മുഖ്യ ഉദ്ദേശം എന്തെന്ന് വ്യക്തമാക്കാമോ ; | (ബി) നോർക്കയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, പ്രവാസി കേരളീയരുടെയും, തിരിച്ചെത്തിയവരുടെയും ക്ഷേമത്തിനായി രൂപം നൽകിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുക പ്രവാസി മലയാളികളുടെ അഭിപ്രായങ്ങൾ |

ക്രോഡീകരിക്കുക, കൂടാതെ പ്രവാസി മലയാളികളുടെ നിക്ഷേപം കാര്യക്ഷമമായ വ്യവസായ സംരംഭങ്ങളിലേക്ക് ആകർഷിക്കുക എന്നിവയാണ് പ്രവാസി സംഗമത്തിന്റെ മുഖ്യ ഉദ്ദേശ്യങ്ങൾ.

(സി) ഇതിനുമുമ്പ് 'പ്രവാസി കേരളീയ സംഗമം' എന്ന് എവിടെ വച്ചാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ ?

(സി) നോർക്ക വകുപ്പിന്റെയും നോർക്ക - റൂട്ട്സിന്റെയും ആഭിമുഖ്യത്തിൽ 2008 ജനവരി, 2 - 3 തീയതികളിൽ കേരളീയ പ്രവാസി സംഗമം എറണാകുളത്തെ ഗോകുലം കൺവെൻഷൻ സെന്ററിൽ വച്ച് നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ